# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4465 13/11/2019 ൽ മറുപടിയ്ക്ക്

### വിവിധ സാമൂഹ്യവനവത്ക്കരണ പരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>,, പുരുഷൻ കടലുണ്ടി<br>,, പി. ഉണ്ണി<br>,, എൻ. വിജയൻ പിള്ള | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എന്റെ മരം പദ്ധതി വഴി സ്കൂൾ കുട്ടികൾക്കും ഹരിത കേരളം മിഷന്റെ ഭാഗമായി പഞ്ചായത്തുകൾക്കും വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | എ | ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ലോകപരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് എന്റെ മരം പദ്ധതി പ്രകാരം സംസ്ഥാനമൊട്ടാകെ 8832 സ്കൂളുകൾക്ക് 33.71 ലക്ഷം തൈകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 8.78 ലക്ഷം തൈകളും വിതരണം ചെയ്തിട്ടുണ്ട് |
| ബി | വിവിധ സാമൂഹ്യവനവത്ക്കരണ പരിപാടികളിലൂടെ സംസ്ഥാനത്തുടനീളം വിതരണം ചെയ്ത് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവന കണക്കെടുപ്പ് നടത്തുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്. ഇതിനായി പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്ക്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമ കാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്ക്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്ത-കർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവന ശതമാനം കണക്കാക്കുന്നതിനും നിർദ്ദേശി |

| | | | |
|---|---|---|---|
| | | | ച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്ക്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട് കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട് 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോട് കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്, കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട് |
| സി | പ്രസ്തുത കണക്കെടുപ്പിൽ അതിജീവന നിരക്ക് എത്ര ശതമാനമെന്നാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | സി | കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട് . 2018 ൽ വിതരണം ചെയ്ത തൈകളുടെ അതിജീവന നിരക്ക് കണക്കാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| ഡി | ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിപാലനം റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ മുതലായവയെ ഏൽപ്പിച്ച് അതിജീവന നിരക്ക് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | ഡി | ഈ വിഷയം നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ